വീട്ടിൽ ഭാര്യക്കോ മറ്റാർക്കെങ്കിലുമോ മാരകമായ രോഗങ്ങളുണ്ടായാൽ ചികിത്സിക്കാനോ കഴിയുക. ഇവരിൽ പലരും കോടതിയിൽ പോയപ്പോൾ കോടതി വിധിവന്നത്, ദൈനംദിന കളക്ഷനിൽ 10% നീക്കിവച്ച് പെൻഷണേഴ്സിന്റെ ആനുകൂല്യങ്ങൾ കൊടുക്കണമെന്നാണ്. പക്ഷേ വളരെ വർഷങ്ങളായി അവർ ഇന്നും ദു:സ്ഥിതിയിലാണ്. പിരിഞ്ഞു പോകുന്നവരുടെ റിട്ടയർമെന്റ് ആനുകൂല്യം കൃത്യമായി കൊടുക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാക്കണം. അതുപോലെ 2001-ൽ 10% ആയിരുന്ന ഡി.എ. കുടിശ്ശിക ഇപ്പോൾ 21% ആയിരിക്കുകയാണ്. പാവപ്പെട്ട പെൻഷൻകാർക്ക് തുച്ഛമായ വരുമാനമാണുള്ളത്. അവരുടെ ജീവിതമാകെ ബുദ്ധിമുട്ടിലാണ്. ഞാൻ സമയക്കുറവുള്ളതുകൊണ്ട് കൂടുതൽ അവരുടെ ബുദ്ധിമുട്ടിലേയ്ക്ക് പോകുന്നില്ല. അവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളും ഈ ഡി.എ. കുടിശ്ശികയും കൊടുത്തുകൊണ്ട് അവരെ സഹായിക്കാനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുംവേണ്ടി അവരെ വിളിച്ചുകൂട്ടി ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ പറഞ്ഞത് പൂർണ്ണമായും ശരിയാണ്. കെ.എസ്.ആർ.ടി.സി.യിൽ ഇന്നുള്ള സ്ഥിരം ജീവനക്കാരേക്കാൾ കൂടുതലാണ് പെൻഷൻകാർ. അവർക്ക് ഒരു വർഷം പെൻഷൻ കൊടുക്കുന്നതിന് 115 കോടി രൂപവേണം. യാത്രക്കാരിൽനിന്നു ദിവസവും ടിക്കറ്റ് വിറ്റു കിട്ടുന്ന പൈസയെടുത്താണ് ഇവർക്ക് പെൻഷൻ കൊടുക്കുന്നത്. ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നും നേരിട്ട് പെൻഷൻ കൊടുക്കുന്ന ഇന്ത്യയിലെ ഒരേയൊരു സംസ്ഥാനം കേരളം മാത്രമാണ്. മറ്റൊരു സംസ്ഥാനത്തും കോർപ്പറേഷൻ പെൻഷൻ കൊടുക്കുന്നില്ല. ഇവിടെ 115 കോടി രൂപ കോർപ്പറേഷൻ കൊടുക്കുന്നു. അതാണ് കോർപ്പറേഷന്റെ ഇന്നുള്ള ഏറ്റവും വലിയ സാമ്പത്തിക ബുദ്ധിമുട്ട്. ഇവിടെ ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ പറഞ്ഞതുപോലെ റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ മാസംതോറും കൃത്യമായി കൊടുക്കുന്നു. പക്ഷേ മറ്റ് ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് 250 കോടി രൂപ ആവശ്യമാണ്. അത് കൊടുക്കാൻ ഇപ്പോൾ കെ.എസ്.ആർ.ടി.സി.ക്കു കഴിയുന്നില്ല. ഇവിടെ പറഞ്ഞതുപോലെ ദിവസ വരുമാനത്തിന്റെ 10% പെൻഷൻ ആനുകൂല്യം കൊടുക്കുന്നതിനുവേണ്ടി പ്രത്യേകം നീക്കിവച്ചിട്ടുണ്ട്. ആ തുകയെടുത്ത് 30-6-2002 വരെയുള്ള ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്. കോർപ്പറേഷന്റെ വരുമാനത്തിനനുസരിച്ച് മറ്റുള്ളവരുടെ ആനുകൂല്യങ്ങൾ കൊടുക്കുന്നതാണെന്ന് അറിയിക്കുന്നു.

(24) മാരാംവീട് പാലത്തിനുപകരം പുതിയപാലം

ശ്രീ. പി. നാരായണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വൈക്കം-വെച്ചൂർ റോഡ് അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ കുമരകത്തേയ്ക്കുള്ള ഏക എളുപ്പമാർഗ്ഗമുള്ള റോഡാണ്. ഈ റോഡിൽ സ്ഥിതിചെയ്യുന്ന മാരാംവീട്

LIBRARY ARCHIVES Kerala Legislative Assembly

പാലം വളരെ കാലപ്പഴക്കമുള്ളതാണ്. ഈ പാലത്തിന്റെ ഇരുമ്പുകമ്പികൾ തുരുമ്പിച്ച് നശിച്ചുകൊണ്ടിരിക്കുന്നു. നിരവധി ടിപ്പർ ലോറികളും യാത്രാ ബസുകളും ജനങ്ങളും വീതികുറഞ്ഞ പാലത്തിൽക്കൂടി കടന്നുപോകുന്നു. അവിടെ ഏതുനിമിഷവും വൻദുരന്തമുണ്ടാകാൻ സാധ്യതയുണ്ട്. ഇക്കാര്യം മുന്നിൽകണ്ടുകൊണ്ട് നാട്ടുകാരും രാഷ്ട്രീയ പാർട്ടികളും ഇന്ന് പ്രക്ഷോഭ സമരത്തിലാണ്. ഇതിന്റെ ഗൗരവം മനസ്സിലാക്കി അടിയന്തിരമായി ഒരു വിദഗ്ദ്ധ സംഘത്തെ പാലം പരിശോധിക്കാൻ അയയ്ക്കുകയും പുതിയ പാലം വീതികൂട്ടി പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, വൈക്കം വെച്ചൂർ റോഡിലെ മാരാംവീട് പാലം 36 മീറ്റർ ദൈർഘ്യമുള്ളതും ഇടുങ്ങിയതും കാലപ്പഴക്കംകൊണ്ട് തുരുമ്പിച്ച് ബലക്ഷയമുണ്ടായിട്ടുള്ളതുമാണ്. പാലം വീതികൂട്ടി പുതുക്കിപ്പണിയേണ്ടത് തികച്ചും ന്യായമായ ഒരാവശ്യമാണ്. പാലം പുതുക്കിപ്പണിയണമെങ്കിൽ ഏതാണ്ട് 180 മീറ്ററോളം നീളത്തിൽ റീ-അലൈൻമെന്റ് ചെയ്യേണ്ടിവരും. ആ ഭാഗത്ത് റോഡിന് ഇരുവശവും വ്യാപാര കേന്ദ്രവും ചെറിയ ടൗൺഷിപ്പുകളുമാണ്. വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് എൽ.ബി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റീ-അലൈൻമെന്റ് അംഗീകരിച്ച് എത്രയുംപെട്ടെന്ന് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(25) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പണി

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, കാസർഗോഡ് നിയോജകമണ്ഡലത്തിലെ കാസർഗോഡ് കടപ്പുറത്തെ മത്സ്യബന്ധന തുറമുഖം ആ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ നീണ്ടകാലത്തെ ഒരു ആവശ്യമായിരുന്നു. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി വളരെയേറെ താൽപ്പര്യമെടുത്ത് ചുരുങ്ങിയ കാലംകൊണ്ട് അത് ഈ മേഖലയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. എത്രയും വേഗത്തിൽ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് അതിന് അംഗീകാരം തേടി അടിയന്തിരമായി അതിന്റെ പ്രവർത്തനവും ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, ബഹുമാനപ്പെട്ട സി.ടി. അഹമ്മദ് അലി ഇവിടെ വളരെ പ്രധാനപ്പെട്ട ഒരാവശ്യമാണ് ഉന്നയിച്ചിരിക്കുന്നത്. കാസർഗോഡിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരാവശ്യവും കൂടിയാണത്. കാസർഗോഡ് മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് 13.03 കോടി രൂപയുടെ ഒരു പദ്ധതിക്കുള്ള രൂപരേഖ 1996-ൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ വിശദമായ മാതൃകാപഠനം നടത്തിയതിനുശേം പുതിയ

LIBRARY ARCHIVES Kerala Legislative Assembly